**ഗ്രാമ ന്യായാലയ, വടവ്കോട്, കോലഞ്ചേരി**
**സാന്നിദ്ധ്യം : ജെയ്സി അഗസ്റ്റിൻ**
**ന്യായാധികാരി**
തീയ്യതി : 2025 ഡിസംബർ 10
**സി .എം .പി . നം . 1129/2025 (എം .സി . 62/2025)**

| | | |
|---|---|---|
| 1. | ലിസ്സി, 63 വയസ്സ്, ജോയി ഭാര്യ, ചെറുതോട്ടിൽ വീട്, രാമമംഗലം പി.ഒ, തമ്മാനിമറ്റം കര, ഐക്കരനാട് സൌത്ത് വില്ലേജ്, കുന്നത്തുനാട് താലൂക്ക്, എറണാകുളം ജില്ല.<br>(പുത്തൻകുരിശ് പോലീസ് സ്റ്റേഷൻ പരിധി)<br>(അഭിഭാഷക : ഫിനിമോൾ റ്റി.പി) | ഹർജിക്കാരി |
| 2. | ജോയി സി. ഒ., ഔസേഫ് മകൻ, 63 വയസ്സ്, ചെറുതോട്ടിൽ വീട്, രാമമംഗലം പി.ഒ, തമ്മാനിമറ്റം കര, ഐക്കരനാട് സൌത്ത് വില്ലേജ്, കുന്നത്തുനാട് താലൂക്ക്, എറണാകുളം ജില്ല. | എതിർകക്ഷി |

## ഉത്തരവ്

1. 2005-ലെ ഗാർഹിക പീഡന നിരോധന നിയമം, വകുപ്പ് 23 പ്രകാരം ബോധിപ്പിച്ച ഹർജിയാണിത്.

2. ഹർജിക്കാരിയെ കേട്ടു. ഹർജിയും ഹർജിയോടൊത്ത് ബോധിപ്പിച്ച സത്യവാങ്മൂലവും പരിശോധിച്ചു. എതൃകക്ഷി ഹർജിക്കാരിക്കെതിരെ ഗാർഹിക പീഢനം നടത്തിയതായി പ്രഥമദൃഷ്ട്യാ വെളിവായിരിക്കുന്നു. ആയതിനാൽ ഹർജി അനുവദിച്ചു താഴെ പറയുന്ന രീതിയിൽ ഇടക്കാല ഉത്തരവുകൾ പുറപ്പെടുവിച്ചിരിക്കുന്നു.

    1. ഗാർഹിക പീഢനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം പ്രകാരം ഹർജിക്കാരി താമസിക്കുന്ന ഐക്കരനാട് സൌത്ത് വില്ലേജിലെ ബ്ളോക്ക് 48, റീസർവ്വേ 177/3-2-ൽ പെട്ട 1.21 ആർ, 177/2-ൽപെട്ട 1.97 ആർ വസ്തുക്കളിൽ സ്ഥിതിചെയ്യുന്ന പൂതൃക്ക പഞ്ചായത്തിൽ വാർഡ് 7- ൽ 434 നമ്പർ (പഴയ നമ്പർ VII/289-A) വീട്ടിൽ വെച്ച് ഹർജിക്കാരിയെ മാനസീകമായോ,

ശാരീരികമായോ പീഢിപ്പിക്കുകയോ, ഭീക്ഷണിപ്പെടുത്തുകയോ, ഹർജിക്കാരിയുടെ സമാധാനപരമായ ജീവിതത്തിന് തടസ്സമുണ്ടാക്കുന്ന ഏതെങ്കിലും പ്രവൃത്തിയോ ചെയ്തുപോകരുതെന്ന് എതിർകക്ഷിയോട് കല്പിച്ച് ഉത്തരവാകുന്നു.

2. ഉത്തരവുകൾ നടപ്പാക്കുന്നതിന് വേണ്ട സഹായം SHO പുത്തൻകുരിശ് പോലീസ് സ്റ്റേഷൻ ഹർജിക്കാരിക്ക് ചെയ്തു കൊടുക്കേണ്ടതാണ്.

3. ഈ ഉത്തരവിന്റെ പകർപ്പ് താഴെ പറയുന്നവർക്ക് സൗജന്യമായി നല്കുവാൻ /അയച്ചു കൊടുക്കുവാൻ വടവുകോട് ഗ്രാമന്യായലയ ഓഫീസിന് നിർദ്ദേശം നല്കിയിരിക്കുന്നു.

1. ഹർജിക്കാരി
2. എതൃകക്ഷി
3. പുത്തൻകുരിശ് പോലീസ് സ്റ്റേഷൻ, സ്റ്റേഷൻ ഹൌസ് ഓഫീസർ.
4. പ്രൊട്ടക്ഷൻ ഓഫീസർ, കാക്കനാട്

നോട്ടീസ് പോയി മടങ്ങിവരുന്നതിനായി 15/12/2025.

ഈ ഉത്തരവ് പറഞ്ഞ 30 ദിവസത്തിനകം ബഹുമാനപ്പെട്ട എറണാകുളം, ജില്ലാ & സെഷൻസ് കോടതിയിൽ അപ്പീൽ കൊടുക്കാവുന്നതാണ്.

(ഇപ്രകാരം തുറന്ന കോടതിയിൽ 2025 ഡിസംബർ 10- ന് ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.)

ഒപ്പ്

**ജെയ്സി അഗസ്റ്റിൻ**

**ന്യായാധികാരി**

//ശരിപ്പകർപ്പ്//

**ന്യായാധികാരി**

**ഗ്രാമ ന്യായാലയ,**

**വടവുകോട്, കോലഞ്ചേരി**